# മംഗലവാർത്തകാലം

## വചന വിചിന്തനം

### മംഗലവാർത്തകാലം മൂന്നാം ഞായർ

**ലൂക്കാ 1,57-80**

> **"ദൈവം തന്ന കുഞ്ഞിന് ദൈവം ആഗ്രഹിക്കുന്ന പേര് നൽകുന്ന സഖറിയ-ഏലീശ്വ ദമ്പതികൾ അനുസരണത്തിന്റെ മൂർത്തരൂപങ്ങളാണ്. തന്റെ മക്കൾ തന്റേയല്ല, ദൈവം അവരെ എനിക്ക് നൽകിയതുമാത്രമാണ് എന്ന ചിന്തയുള്ളവർക്കെ ഇപ്രകാരം ചെയ്യാനാകൂ!"**

യോഹന്നാൻ എന്ന പേരിന്റെ അർത്ഥം "ദൈവം കരുണയുള്ളവനാണ്" എന്നാണ്. പേര് അന്വർത്ഥമാവണ്ണമുള്ള ജീവിതം; "കർത്താവിൻെറ കരം അവനോടുകൂടെ ഉണ്ടായിരുന്നു."

മംഗളവാർത്ത നൽകുന്ന വലിയ സന്ദേശം ദൈവത്തോടൊത്ത് സന്തോഷിക്കാൻ പഠിക്കുക എന്നതാണ്. ദൈവം എലിസബത്തിന്റെ ദുഃഖകരമായ വന്ധ്യതയിൽ സ്പർശിച്ചപ്പോൾ, ദൈവത്തിന്റെ ശാപം പേറുന്നവൾ എന്ന വിളിയിൽ നിന്നും, "സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ ഇവനേക്കാൾ വലിയവനില്ല" എന്നുള്ള സാക്ഷ്യം ദൈവപുത്രനിൽ നിന്ന് ലഭിച്ച സ്നാപകന്റെ ജനനത്തിന് നിദാനമാകുന്നു. അത് വലിയ സന്തോഷത്തിന് കാരണമാകുന്നു. ആ സന്തോഷം എലിസബത്തിന്റെയും സഖറിയായുടെയും മാത്രം സന്തോഷമല്ല. മറിച്ച്, സകലജനത്തിന്റെയും സന്തോഷമായി ഭവിക്കുന്നു. "എലിസബത്തിനു പ്രസവസമയമായി; അവൾ ഒരു പുത്രനെ പ്രസവിച്ചു. കർത്താവ് അവളോടു വലിയ കാരുണ്യം കാണിച്ചിരിക്കുന്നു എന്നു കേട്ട അയൽക്കാരും ബന്ധുക്കളും അവളോടൊത്തു സന്തോഷിച്ചു" (ലൂക്കാ 1,57-58).

"ദൈവത്തോടൊത്ത് സന്തോഷിക്കാൻ പഠിക്കുക" എന്നതാണ് മംഗളവാർത്ത നൽകുന്ന സന്ദേശമെങ്കിലും, ഇന്നത്തെ ആഘോഷങ്ങളുടെ പ്രത്യേകത ആഘോഷങ്ങളുടെ നടുവിൽ നിന്ന് ദൈവം പുറത്താക്കപ്പെടുന്നു എന്നുള്ളതാണ്. അറിഞ്ഞും അറിയാതെയും ദൈവം പലവിധത്തിൽ ആഘോഷങ്ങളിൽ നിന്ന് അകറ്റിമാറ്റപ്പെടുന്നുണ്ട്. സന്തോഷത്തിന്റെ ശാശ്വതമായ അടിസ്ഥാനം ദൈവം മാത്രമാണ് എന്ന വലിയ ബോദ്ധ്യമാണ് സഖറിയായും എലിസബത്തും ചാർച്ചക്കാരും ബന്ധുക്കളും സുഹൃത്തുകളും ചേർന്ന് പങ്കുവയ്ക്കുന്നത്. "കർത്താവ് അവളോടു വലിയ കാരുണ്യം കാണിച്ചിരിക്കുന്നു എന്നു കേട്ട അയൽക്കാരും ബന്ധുക്കളും അവളോടൊത്തു സന്തോഷിച്ചു" (ലൂക്കാ 1,58). ദൈവം മറ്റുള്ളവരോട് കാണിക്കുന്ന കാരുണ്യത്തിന് അവരോടൊത്ത് സന്തോഷിക്കുന്ന അയൽക്കാരും ബന്ധുക്കളും അനുകരണീയമായ മാതൃകയാണ് സമ്മാനിക്കുന്നത്. അസൂയയും കള്ളവും കള്ളത്തരവുംമില്ലാത്ത ഒരു നല്ല സമൂഹത്തെക്കുറിച്ചുള്ള ദൈവസ്വപ്നം ഇപ്രകാരമായിരിക്കണം.

ഒരു മുട്ടുസൂചി തറയിൽ വീണാൽ പോലും കേൾക്കാൻ കഴിയു അത്ര നിശബ്ദത നിറഞ്ഞ ഒരു സെമിനാരി. റെക്ടർ അച്ചൻ അത്രത്തോളം അവിടെ അച്ചടക്കം നിർബന്ധം ആക്കിയിരുന്നു. ഒരിക്കൽ ഒരു സർക്കസുകാരൻ അവിടേയ്ക്ക് കടന്നു വന്നു അച്ചനോട് പറഞ്ഞു;

"ഞങ്ങൾ തെരുവിൽ സർക്കസ് നടത്തുവരാണ്. വിജാതിയരുമാണ്. എങ്കിലും ഇവിടെ കുറച്ചു ദിവസം താമസിക്കാൻ ഇടം തരാമോ?".

ആ ചോദ്യത്തിൽ അച്ചന് വലുതായി ആലോചിക്കേണ്ടി വന്നില്ല. സെമിനാരിയുടെ ഒരു ഭാഗത്ത് ടെന്റ് അടിച്ചു താമസിച്ചുകൊള്ളാൻ പറഞ്ഞു. അച്ചന്റെ നിയമങ്ങൾ എല്ലാം പാലിച്ചു കൊള്ളാമെന്നു പറഞ്ഞ് അവർ താമസം തുടങ്ങി.

"തത്ക്ഷണം അവന്റെ വായ് തുറക്കപ്പെട്ടു. നാവ് സ്വതന്ത്രമായി. അവൻ ദൈവത്തെ വാഴ്ത്തിക്കൊണ്ട് സംസാരിക്കാൻ തുടങ്ങി..." ദൈവം മാറ്റിയ ബന്ധനത്തിന് ദൈവത്തിന് നന്ദി പറഞ്ഞുള്ള ജീവിതം!

ദിവസങ്ങൾ കഴിഞ്ഞു പോയി. ഒരിക്കൽ ഒരു വൈകുന്നേരം അച്ചൻ റൂമിൽ ഇരിക്കുമ്പോൾ വൈദീക വിദ്യാർത്ഥികൾ 2 പേർ വന്നിട്ട് അച്ചനോട് പറഞ്ഞു;

"അച്ചാ, നമ്മുടെ വാതിൽക്കൽ സ്ഥാപിച്ചിരിക്കുന്ന ഗ്രോട്ടൊയെ നോക്കി ആ സർക്കസുകാരൻ രാത്രിയിൽ ചില ചേഷ്ടകൾ കാണിച്ച് നമ്മുടെ മാതാവിനെയും ഉണ്ണി ഈശോയെയും അപമാനിക്കുന്നു."

അച്ചന് അത് ഒട്ടും ഉൾക്കൊള്ളാൻ ആയില്ല. താമസിക്കാൻ ഇടം കൊടുത്തപ്പോൾ അത് നമുക്ക് ദ്രോഹം ചെയ്യുന്നോ! "നിങ്ങൾ പൊയ്ക്കൊള്ളു. ഇനി ഞാൻ നോക്കിക്കൊള്ളാം." അവരെ പറഞ്ഞു വിട്ട ശേഷം സർക്കസുകാരനെ നോക്കി അച്ചൻ റൂമിൽ ഇരുന്നു. രാത്രി ആയപ്പോൾ ആ സർക്കസുകാരനും കുടുംബവും എത്തി. അച്ചൻ മുകളിലത്തെ റൂമിന്റെ ജനലോരത്ത് വിരിയുടെ മറവിൽ നിന്നു. കുറച്ചു കഴിഞ്ഞപ്പോൾ ആ സർക്കസുകാരൻ പരിശുദ്ധ അമ്മയുടെ ഗ്രോട്ടോയുടെ മുൻപിൽ വന്ന് എന്തൊക്കയോ കാണിക്കുന്നു. അച്ചന്റെ എല്ലാ ഭാവങ്ങളും മാറി മറിഞ്ഞു.

"എന്റെ അമ്മയുടെ മണ്ണിൽ ഇടം കൊടുത്തപ്പോൾ അമ്മയെ തന്നെ അപമാനിക്കുന്നോ."

പക്ഷെ, അച്ചൻ ശ്രദ്ധിച്ചു നോക്കിയപ്പോൾ സർക്കസുകാരൻ ഒറ്റയ്ക്കല്ല, കൂടെ ഒരു കുഞ്ഞുകുട്ടിയും കൂടി ഇതൊക്കെ കാണിക്കുന്നുണ്ട്. ഓടുന്നു, ചാടുന്നു, തലകുത്തി മറിയുന്നു, അമ്മയെ നോക്കി പൊട്ടി ചിരിക്കുന്നു അങ്ങനെ എന്തക്കയോ. അച്ചൻ ആ കുഞ്ഞിനെ ശ്രദ്ധിച്ചു നോക്കി;

"അയ്യോ, കുഞ്ഞ് ഉണ്ണീശോയെ പോലുണ്ടല്ലോ!"എന്നും പറഞ്ഞ് ഗ്രോട്ടോയിലെക്കു നോക്കിയപ്പോൾ ഗ്രോട്ടോയിൽ ഉണ്ണിയെ കാണാനില്ല. പകച്ചു പോയ കണ്ണുകൾ തിരുമികൊണ്ട് ഉണ്ണിയെ വീണ്ടും നോക്കി.

"എന്റെ അമ്മെ, ഞാൻ എന്താ ഈ കാണുന്നത്? എന്ന് പറഞ്ഞു കൊണ്ട് അമ്മയെ നോക്കിയപ്പോൾ ഗ്രോട്ടോയിൽ അമ്മയും ഇല്ല. സർക്കസുകാരൻ കാണിക്കുന്ന എല്ലാ അഭ്യാസങ്ങളും അതെ പടി കാണിക്കുന്ന ഉണ്ണിഈശോയെ നോക്കി കൈകൊട്ടി ചിരിക്കു അമ്മയെ ഒരു ഭാഗത്ത് കണ്ടപ്പോൾ അച്ചൻ ബോധംകെട്ടു നിലത്ത് വീണു. തിരികെ ബോധം വപ്പോൾ താഴേക്ക് ഓടിച്ചെന്ന് വിയർതൊഴുകുന്ന സർക്കസുകാരനെ കെട്ടി പിടിച്ചുകൊണ്ട് ചോദിച്ചു;

"മോനെ എന്താ ഇവിടെ സംഭവിച്ചത്??".

ഞങ്ങൾ ഒന്നും അറിഞ്ഞില്ല എന്ന ഭാവത്തിൽ അമ്മയും ഉണ്ണിയും ഗ്രോട്ടോയിൽ ഉണ്ട്.

സർക്കസുകാരൻ പറഞ്ഞു;

"അച്ചാ, എനിക്ക് നിങ്ങളെപ്പോലെ പ്രാർത്ഥിക്കാൻ അറിയില്ല. എനിക്ക് അറിയാവുന്നത് എന്റെ തൊഴിലാണ്. അത് ഞാൻ അമ്മയ്ക്ക് കൊടുത്തു. അത്രേ ഉള്ളു. എനിക്ക് അറിയാവുന്നത് ഞാൻ നൽകി. ഇതാണ് എന്റെ പ്രാർഥന..."

അച്ചൻ പറഞ്ഞു; "ചിട്ടയായ പ്രാർഥനയല്ല, നിന്റെതാണ് യഥാർഥ പ്രാർഥന...".

ആ റെക്ടർ അച്ചൻ വലിയ ഒരു മരിയ ഭക്തനായി. പിൽക്കാലത്ത് "അമ്മയുടെ മുൻപിൽ അപേക്ഷിക്കുന്ന ഒരാളെയും അമ്മ തള്ളി കളയില്ല" എന്ന അത്ഭുത പ്രാർഥന റെക്ടറച്ചന് പരി.അമ്മ വെളിപ്പെടുത്തി. ആ അച്ചനാണ് പിൽക്കാലത്ത് സഭയുടെ വളർച്ചയ്ക്ക് മുന്നിട്ടു നിന്ന വി. ബർണാർഡായി രൂപാന്തരപ്പെട്ടത്.

മറ്റുള്ളവരെ വിധിക്കുന്ന കണ്ണുകളിലൂടെ നോക്കാതെ അനുഗ്രഹിക്കുന്ന കണ്ണുകളിലൂടെ നോക്കുമ്പോൾ അവരോടൊത്ത് സന്തോഷിക്കാൻ സാധിക്കും. ഇത് തന്നെയാണ് സ്നാപകന്റെ ജനനത്തിൽ സംഭവിക്കുന്നതും. "കർത്താവ് അവളോടു വലിയ കാരുണ്യം കാണിച്ചിരിക്കുന്നു എന്നു കേട്ട അയൽക്കാരും ബന്ധുക്കളും അവളോടൊത്തു സന്തോഷിച്ചു" (ലൂക്കാ 1,58). ഇന്ന് മറ്റുള്ളവർക്ക് ദൈവം സമ്മാനിക്കുന്ന അനുഗ്രഹത്തിൽ അവരോടൊത്ത് സന്തോഷിക്കാൻ സാധിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം അസൂയ

നിറഞ്ഞ, കുശുമ്പു നിറഞ്ഞ കണ്ണുകളിലൂടെ ദൈവത്തിന്റെ അനുഗ്രഹങ്ങളെ നോക്കുന്നതു കൊണ്ടാണ്ടാണ്. "ദൈവത്തോടൊത്ത് സന്തോഷിക്കാൻ പഠിക്കുക" എന്നത് ഒരു അനുഗ്രഹം തന്നെയാണ്.

ദൈവം സഖറിയായ്ക്ക് നൽകിയ തടസമാണ് 'മൂകത.' "സഖറിയാ ദൂതനോടു ചോദിച്ചു: ഞാൻ ഇത് എങ്ങനെ അറിയും? ഞാൻ വൃദ്ധനാണ്; എൻെറ ഭാര്യ പ്രായം കവിഞ്ഞവളുമാണ്. ദൂതൻ മറുപടി പറഞ്ഞു: ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ആണ്. നിന്നോടു സംസാരിക്കാനും സന്തോഷകരമായ ഈ വാർത്തനിന്നെ അറിയിക്കാനും ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നു. യഥാകാലം പൂർത്തിയാകേണ്ട എൻെറ വചനം അവിശ്വസിച്ചതു കൊണ്ട് നീ മൂകനായിത്തീരും. ഇവ സംഭവിക്കുന്നതുവരെ സംസാരിക്കാൻ നിനക്കു സാധിക്കുകയില്ല" (ലൂക്കാ 1,18–20). പക്ഷെ, ദൈവീകഹിതങ്ങളോട് സഖറിയ സഹകരിക്കുമ്പോൾ ദൈവം തന്നെ അവന്റെ തടസത്തെ 'മൂകതയെ' എടുത്തു മാറ്റുന്നു. "സഖറിയ ഒരു എഴുത്തുപലക വരുത്തി അതിൽ എഴുതി: യോഹന്നാൻ എന്നാണ് അവൻെറ പേര്. എല്ലാവരും അദ്ഭുതപ്പെട്ടു. തത്ക്ഷണം അവൻെറ വായ് തുറക്കപ്പെട്ടു. നാവ് സ്വതന്ത്രമായി. അവൻ ദൈവത്തെ വാഴ്ത്തിക്കൊണ്ട് സംസാരിക്കാൻ തുടങ്ങി" (ലൂക്കാ 1,63–64). ജീവിതത്തിലെ തടസങ്ങൾ മാറ്റാൻ നാം ചെയ്യേണ്ടതും ഇത് തന്നെയാണ്. ജീവിത്തിൽ ദൈവത്തോട് മറുതലിക്കുമ്പോൾ ദൈവം തടസങ്ങൾ സൃഷ്ടിക്കുന്നു. ഈ തടസങ്ങളെ അതിജീവിക്കാൻ ദൈവീകപദ്ധതികളോട് സഹകരിക്കുക.

*"എട്ടാംദിവസം അവർ ശിശുവിൻെറ പരിച്ഛേദനത്തിനു വന്നു...."*

*ദൈവം നൽകിയ കുഞ്ഞിനെ ദൈവീകനിയ പ്രകാരം വളർത്തുന്ന മാതാപിതാക്കൾ!*

***"നമ്മുടെ കർത്താവായ യേശുക്രിസ്തു***
***തൻെറ വിശുദ്ധരോടുകൂടെ വരുമ്പോൾ,***
***നിങ്ങളുടെ ഹൃദയങ്ങളെ നിഷ്കളങ്കമായി നമ്മുടെ പിതാവായ***
***ദൈവത്തിൻെറ മുമ്പിൽ വിശുദ്ധിയിൽ ഉറപ്പിക്കുകയും ചെയ്യട്ടെ! ."***
തെസ 3,13

---

ഫാ. ജോബി മേനോത്ത്
+91 9447777931